**നോമ്പുകാലം രണ്ടാം ഞായർ**

**മത്താ 7:21-27**

## യഥാർത്ഥ ശിഷ്യൻ

റവ.ഡോ. ജോസ് ഒലിയപ്പുറം

മത്തായിയുടെ സുവിശേഷത്തിലെ മലയിലെ പ്രസംഗത്തിന്റെ അവസാന ഭാഗമാണ് 7:21-27 വരെയുള്ള വാക്യങ്ങൾ. 28-ാം വാക്യം യേശു നടത്തിയ പ്രബോധനങ്ങളെക്കുറിച്ചുള്ള സാധാരണ ജനങ്ങളുടെ പ്രതികരണങ്ങളാണ് വ്യക്തമാക്കുന്നത്. എന്നാൽ അതിനോടൊപ്പം സുവിശേഷ ഗ്രന്ഥകാരന്റെ ഒരു അവലോകനവും ദൃശ്യമാണ് (അവരുടെ നിയമജ്ഞരെപ്പോലെയല്ല അധികാരമുള്ളവരെ പോലെയാണ് അവൻ പഠിപ്പിച്ചത്). ആധികാരികതയോടു കൂടിയ അവന്റെ വചനം എല്ലാവരെയും അമ്പരപ്പിച്ചു എന്നതാണ് പ്രധാന കാര്യം. മോശ ജനങ്ങളെ പഠിപ്പിച്ചതുനു സമാനമായിരുന്നു യേശുവിന്റെ പഠനങ്ങൾ എന്നതം സീനായ് മലയിൽവച്ച് ദൈവം മോശ വഴി ജനങ്ങളെ പഠിപ്പിച്ചതുപോലെ ഇപ്പോൾ പുതിയ നിയമത്തിലെ മോശയായ യേശു മലയിലിരുന്ന് ദൈവഹിതം മനുഷ്യർക്കു വെളിപ്പെടുത്തി കൊടുക്കുന്നതിന്റെ സമാപനമാണ് ഈ വാക്യങ്ങൾ.

വൃക്ഷത്തെയും ചെടികളെയും അവയുടെ ഫലങ്ങളെയും കുറിച്ചു പറഞ്ഞുകൊണ്ട് വ്യാജപ്രവാചകന്മാരായി കടന്നുവരുന്നവരെ സൂക്ഷിക്കണമെന്നും നല്ല ഫലങ്ങൾ പുറപ്പെടുവിക്കാത്ത വൃക്ഷങ്ങൾക്കും ചെടികൾക്കും സംഭവിക്കുന്നതെന്തോ അതുതന്നെ ജീവിതത്തിൽ നല്ല ഫലങ്ങൾ നല്കാത്ത വ്യക്തികൾക്കും സംഭവിക്കുമെന്നും പറഞ്ഞുകൊണ്ടാണ് 15 മുതൽ 20 വരെ വാക്യങ്ങൾ അവസാനിക്കുന്നത്. ഇതിന്റെ തുടർച്ചയെന്നോണമാണ് 7:21-27 വരെയുള്ള ഇന്നത്തെ വായന. ഈ വചനങ്ങളുടെ പ്രധാന സന്ദേശം വചനാസൃതം ജീവിക്കേണ്ട ആവശ്യകതയാണ്. യേശുവിന്റെ വചനപ്രഘോഷണത്തിന്റെ ലക്ഷ്യവും ഇവിടെ സ്പഷ്ടമാക്കുന്നു. 21-ാം വാക്യം പറയുന്നു: കർത്താവേ എന്നു എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് ദൈവരാജ്യത്തിന് അർഹനാകുന്നത്. അപേക്ഷകളും യാചനകളും നല്ലതു തന്നെ. യേശു കർത്താവാണെന്ന് അംഗീകരിക്കുന്നതും കൊള്ളാം. എന്നാൽ പിതാവിന്റെ ഹിതം യേശു വെളിപ്പെടുത്തുന്നതനുസരിച്ചു പ്രവർത്തിക്കുന്നവനു മാത്രമേ പ്രതിഫലമുള്ളൂ.

ഇക്കാര്യം വളരെ നാടകീയമായും ഒരു ഉപമയിലൂടെയും അവതരിപ്പിക്കുന്നതാണ് തുടർന്നു കാണുന്നത്. ഇവിടെ 22-ാം വാക്യത്തിന്റെ ആരംഭത്തിൽ അന്ന് എന്നൊരു കാലഗണനയുടെ വാക്ക് ഉപയോഗിക്കുന്നുണ്ട്. ഈ കാലഗണന മത്തായി 25:31-46 ലെ അവസാന വിധിയെക്കുറിച്ചുള്ള സംഭവ വിവരണത്തിൽ പറയുന്ന കാര്യങ്ങളുടെ അതേ സൂചന തന്നെയാണ്. വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് 22-23 വാക്യങ്ങൾ സൂചിപ്പിക്കുന്നത്. ഇതിന് ആദിമസഭയിലെ ചില സാഹചര്യങ്ങളോടും ഒരു പക്ഷേ ഇക്കാലഘട്ടത്തിലെ ചില അവസ്ഥകളോടും സാമ്യമുള്ളതായി തോന്നാം. യേശുവിന്റെ നാമത്തിൽ പ്രവചിക്കുന്നവരും പിശാചുക്കളെ പുറത്താക്കുന്നവരും അദ്ഭുതങ്ങൾ പ്രവർത്തിക്കുന്നവരും യേശുവിനുവേണ്ടി അവർ ചെയ്ത പ്രവൃത്തികളെപ്രതി പരിഗണന കാണിക്കണേയെന്നാണ് യാചന. യേശുവിന്റെ മറുപടി പ്രാധാന്യമർഹിക്കുന്നതാണ്. രണ്ടു കാര്യങ്ങളാണ് മറുപടിയിൽ സൂചിപ്പിക്കുന്നത്; 1. യേശു പറയുന്നു: ഞാൻ നിങ്ങളെ അറിയില്ല, ഒരിക്കലും അറിയില്ല... മുൻസൂചിപ്പിച്ച തരത്തിലുള്ള കാര്യങ്ങൾ ചെയ്തിട്ടും അറിയില്ല എന്നാണ് പറയുന്നത്. ഇതിന്റെ കാരണം നേരത്തേ പറഞ്ഞിട്ടുണ്ട്. ചെയ്യുന്നതെല്ലാം സ്വർഗസ്ഥനായ പിതാവിന്റെ ഹിതപ്രകാരം ചെയ്യണം; അവിടുത്തെ കൈകളിലെ ഉപകരണമായിരിക്കണം. അല്ലാതെ കർത്താവിന്റെ പേരു പറഞ്ഞ് അനുഷ്ഠാനങ്ങൾ നടത്തിയാൽ പോരാ. ദൈവത്തിന്റെ നാമത്തിൽ നടത്തുന്ന

കാര്യങ്ങൾക്ക് സ്വീകർത്താവിനു ഫലസിദ്ധിയുണ്ടായാലും പരികർമ്മിയുടെ മനോഭാവം ദൈവോന്മുഖമല്ലെങ്കിൽ ഫലമൊന്നുമില്ല. 2. അനീതി പ്രവർത്തിക്കുന്നവരെ അകന്നുപോകൂ എന്നാണ് രണ്ടാമത്തെ സൂചന. എന്തിനാണ് ഇത്ര കർക്കശമായി ആജ്ഞാപിക്കുന്നത് എന്ന് ഒരു പക്ഷേ തോന്നാം. യേശുവിന്റെ പ്രലോഭനാവസരത്തിൽ സാത്താനെ അകറ്റുന്നതിന് ഏതാണ്ടിതുപോലെയുള്ള ആജ്ഞയാണ് കാണുന്നത് (മത്താ. 4:10), യേശു തന്റെ പീഡാനുഭവത്തെക്കുറിച്ച് ശിഷ്യരോടു സംസാരിക്കുന്ന അവസരത്തിൽ തടസ്സം പറഞ്ഞ പത്രോസിനോടും ഏതാണ്ടിതേതരത്തിൽ ആജ്ഞാപിക്കുന്നതു കാണാം (സാത്താനെ എന്റെ മുന്നിൽ നിന്നു പോകൂ നീ എനിക്കു പ്രതിബന്ധമാണ് മത്താ. 16:23).

ദൈവവചനം പാലിക്കാതെ, സ്വർഗീയ പിതാവിന്റെ ഇഷ്ടം നിറവേറ്റാതെ ഏതെല്ലാം കാര്യങ്ങളും മറ്റുള്ളവരുടെ നന്മയെ കരുതി ചെയ്താലും അതിന് യാതൊരു പ്രയോജനവുമില്ല. മാത്രമല്ല, അതു നാശത്തിനു കാരണമാവുകയും ചെയ്യും. ഇന്നത്തെ ക്രൈസ്തവ പ്രവർത്തനങ്ങളും ഭക്തപ്രസ്ഥാനങ്ങളും ഒരുപോലെ ചിന്തയ്ക്കു വിഷയമാക്കേണ്ടതുണ്ട്. ഇവയ്ക്കു നേതൃത്വം നല്കുന്നവർ ആത്മപരിശോധന നടത്തേണ്ടതായ കാര്യവുമാണിത്. നന്മ ചെയ്തെന്നു വരുത്തി സ്വയം നശിക്കാതിരിക്കാനുള്ള ചില വസ്തുതകളിലേക്കും ഇതു വിരൽചൂണ്ടുന്നുണ്ട്.

ഇതിനോടു ചേർന്നുപോകുന്ന ഉപമയാണ് പാറമേൽ അടിത്തറയിട്ടു പണിത ഭവനവും മണലിൽ അടിത്തറയിട്ടു പണിത ഭവനവും. വചനം കേൾക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവനും അപ്രകാരം ചെയ്യാത്തവനും തമ്മിലുള്ള വ്യത്യാസം കാണിക്കാൻ ഇതിനെക്കാൾ കുറിക്കു കൊള്ളുന്ന ഒരുപമ ഇല്ലെന്നു തന്നെ പറയാം. ഇവിടെ വചനം അനുസ്സരിക്കുന്നവൻ വിവേകമതിയും അനുസരിക്കാത്തവൻ ഭോഷനുമാണെന്നു പറയുന്നുണ്ട്. വിവേകമുള്ളവൻ പരശുദ്ധാത്മ സാന്നിധ്യം കാത്തുസൂക്ഷിക്കുന്നവനും അതിനനുസരിച്ച് ദൈവവചനത്തിന് സാക്ഷ്യം വഹിക്കുന്നവനുമാണ്. വിവേകരഹിതൻ പരിശുദ്ധാത്മ സാന്നിധ്യത്തെ നശിപ്പിച്ചു കളയുന്നവനും വചനത്തിനു സാക്ഷ്യം നല്കാത്തവനുമാണ്. മുകളിലൊരു ദൈവമില്ലെന്ന് ജല്പന ചെയ്യുന്ന മൂഢനാണവൻ. മനുഷ്യൻ ഇപ്രകാരമാകരുത്. യേശുക്രിസ്തുവാകുന്ന വചനത്തിൽ വിശ്വസിക്കണം; അവിടുത്തെ വചനങ്ങൾ അനുസരിക്കണം... അവ ജീവിതനിയമമായി പരിരക്ഷിക്കണം. ഇപ്രകാരം ദൈവത്തിനും അവിടുത്തെ അയയ്ക്കപ്പെട്ട വചനമായ യേശുക്രിസ്തുവിനും ആത്മാർത്ഥതയോടെ സാക്ഷ്യം നല്കണം. അവനാണ് യഥാർത്ഥ ശിഷ്യൻ.

– മനസ്സിന്റെ കാപട്യവും ദൈവവചനവും തമ്മിൽ കൂട്ടി കലർത്തരുത്.

ദൈവവചനത്തിനു ശുശ്രൂഷ ചെയ്യുന്നവൻ നിഷ്കപടനായിരിക്കണം.

വചനം പ്രഘോഷിക്കുന്നവൻ വചനം പാലിച്ചു ജീവിക്കണം; അവനാണ് യഥാർത്ഥ വിവേകി.